# ഖുർആനിലെ ഭൗതിക ദൃഷ്ടാന്തങ്ങൾ



''ആകാശഭൂമികളുടെ സൃഷ്ടിയിലും ദിന രാത്രങ്ങൾ മാറിമാറിവരുന്നതിലും ബുദ്ധി ശാലികൾക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.''

(ഖുർആൻ 3: )

## രാവും പകലും

സൂര്യന്റെ ചുറ്റുമുള്ള ഭൂമിയുടെ ഭ്രമണം ഹേതുവായാണ് ഭൂമിയിൽ രാത്രിയും പകലും മാറിവരുന്നത്. ഭൂമി ഭ്രമണം ഇല്ലായിരുന്നെങ്കിൽ അതിന്റെ ഒരേ ഭാഗത്തു തന്നെ സ്ഥിരമായി പകലും മറുഭാഗത്തും രാവുമാണ് അനുഭവപ്പെടുക. ഈ അവസ്ഥ ജീവിതത്തിനൊരിക്കലും അനുഗുണമായിരിക്കുകയില്ല. അതിനാലാണ് പ്രപഞ്ചസ്രഷ്ടാവ് അത്തരം ഒരു സംവിധാനം സ്വീകരിച്ചത്.

ഭൂമേഖലകളുടെ മാറ്റത്തിനനുസരിച്ച് രാപ്പകലുകളുടെ ദൈർഘ്യത്തിലും മാറ്റം സംഭവിക്കുന്നുണ്ട്. ഒരു സ്ഥലത്ത് ഉഷ്ണകാലത്തു പകൽ കൂടുതലാണെങ്കിൽ അതേ സ്ഥലത്ത് ശൈത്യകാലത്ത് രാത്രിക്കായിരിക്കും ദൈർഘ്യം കൂടുതൽ.

ഭൂമധ്യരേഖയിൽ ഒരു ദിവസം കൃത്യം 12 മണിക്കൂർ പകലും തുടർന്ന് അത്ര തന്നെ രാത്രിയുമായതുകൊണ്ട്വർഷത്തിൽ ആകെ 6 മാസം പകലും 6 മാസം രാത്രിയുമുണ്ടാകുന്നു. അവിടന്നങ്ങോട്ട് അൽപ്പാൽപം മാറ്റം തുടങ്ങും. ധ്രുവങ്ങളിലെത്തുമ്പോഴേക്ക് ആറു മാസം തുടർച്ചയായി പകലും രാത്രിയുമാണുണ്ടാകുക.

ഭൂവാസികൾക്കാകമാനം ശരാശരി ആറു മാസം പകലും 6 മാസം രാത്രിയും ലഭിക്കുന്നു. ഭൂമിയുടെ അച്ചുതണ്ട് 23.5 ഡിഗ്രി ചരിഞ്ഞുള്ള കറക്കമാണ് ഈ വിധം ദിനരാത്രങ്ങളുടെ മാറ്റങ്ങൾക്ക് സഹായിക്കുന്നത്. സൂര്യന്റെയും ഭൂമിയുടെയും ചലനം കാരണമായി ദിവസത്തിന്റെ എല്ലാ അംശവും ഭൂമിയിൽ കാണാനാകും. ഒരിടത്ത് നട്ടുച്ചയാണെങ്കിൽ മറ്റൊരിടത്ത് പ്രഭാതം. ചില സ്ഥലത്ത് രാത്രി എന്നീ രീതിയിൽ.

ഭൂമിയുടെ ഗോളാകൃതിയാണ് മറ്റൊരു കാരണം. രാവും പകലും ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗത്ത് സ്ഥിരമായി നിലനിൽക്കുന്നുണ്ട്. രാവ് പകലിനെ മുൻകടക്കുകയില്ല എന്നും പകൽ ധിറുതിയിൽ രാവിനെ പിന്തുടരുന്നുവെന്നും ഖുർആൻ പറഞ്ഞത് അതാണ് സൂചിപ്പിക്കുന്നത്. ഒന്ന് ഒന്നിനു മേൽ പ്രവേശിക്കുന്നു എന്നാണ് ഖുർആന്റെ പരാമർശം.

ഖുർആൻ പറഞ്ഞു: ''രാവിന്റെ മൂടുപടം വലിച്ചുകീറി പ്രഭാതത്തെ വെളിപ്പെടുത്തുന്നതും അവനാകുന്നു. രാവിനെ വിശ്രമവേളയാക്കിയതും സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങൾ സമയഗണനകളായി നിശ്ചയിച്ചതും അവൻതന്നെ. ഇതെല്ലാം അതേ അജയ്യനും അഭിജ്ഞനുമായവന്റെ സംവിധാനങ്ങളത്രെ. നക്ഷത്രങ്ങളെ മരുഭൂമിയിലെയും സമുദ്രത്തിലെയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴികാട്ടികളാക്കിവച്ചതും അവനാകുന്നു. അറിവുള്ള ജനങ്ങൾക്കായി നാം അടയാളങ്ങൾ വിവരിച്ചുതരുന്നതു നോക്കുക.''

രാവും പകലും മാറിവരുന്ന രീതിയിൽ സംവിധാനിച്ചില്ലായിരുന്നെങ്കിൽ സമയവ്യവസ്ഥ തെറ്റുമെന്നു മാത്രമല്ല മനുഷ്യന്റെ ജീവിതവൃത്തിയുടെയും വിശ്രമത്തിന്റെയും ക്രമം താളം തെറ്റുകയും അവന് ജീവിതം പ്രയാസപൂർണമാവുകയുംചെയ്യുമായിരുന്നു.

**അബ്ദുൽ ജലീൽ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com